ആനുകൂല്യങ്ങൾ നൽകി ഉപരിപഠനത്തിന് അയയ്ക്കുകയും ഇപ്രകാരം സ്പെഷ്യലൈസ് ചെയ്ത ഡോക്ടർമാരുടെ സേവനം അതതു സ്പെഷ്യാലിറ്റികളിൽ ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. ഇ.എസ്.ഐ. ആശുപത്രികളിൽ ഡോക്ടർമാരും മറ്റു ജീവനക്കാരും കൃത്യമായി ഹാജരാകുന്നതിന് കർശന നിർദ്ദേശം നൽകുകയും കൃത്യനിഷ്ഠപാലിക്കുന്നുണ്ടെന്നു ഉറപ്പു വരുത്താനായി വിവിധ തലങ്ങളിലുള്ള പരിശോധന കർശനമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി-ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) നിർദ്ദേശം നൽകിയിട്ടുണ്ട്.

യുവജന നയം

7 (*37) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ. എം. മാണി :
ശ്രീ. സി .എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യുവജനക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നറിയിക്കാമോ ;

(ബി) സംസ്ഥാന ഗവൺമെന്റ് യുവജന നയം എന്നത്തേക്ക് പ്രഖ്യാപിക്കുമെന്നാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും ഇതുമൂലം യുവജനങ്ങൾക്ക് എന്തൊക്കെ നേട്ടങ്ങൾ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വിശദമാക്കാമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പു മന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡ് ഇപ്പോൾ നടപ്പിലാക്കി വരുന്ന യുവജനക്ഷേമ പ്രവർത്തനങ്ങൾ പ്രധാനമായവ ചുവടെ വിവരിക്കുന്നവയാണ്.

1. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായി, സ്വയം തൊഴിൽ പരിശീലന പരിപാടി.
2. യുവാക്കളെ സാഹസിക സംരംഭങ്ങളിൽ ഉത്സുകരാക്കുന്നതിന് മൂന്നാറിലെ സാഹസിക അക്കാഡമി വഴി സാഹസിക സംരംഭങ്ങൾ.
3. ദേശീയ ബോധം വളർത്തുന്നതിന് ദേശീയോദ്ഗ്രഥന ക്യാമ്പുകൾ.
4. യുവജനങ്ങൾക്കായി എക്സിബിഷൻ
5. പരിസ്ഥിതി സംരക്ഷണത്തിനായി കേരളത്തിലെ എല്ലാ ജില്ലകളിലും വിവിധ വകുപ്പുകളുടെ സഹായത്തോടെ വൃക്ഷത്തൈ നടീൽ പരിപാടി.
6. കേരളത്തിൽ മൂന്നു യൂത്ത് ഹോസ്റ്റലുകൾ പ്രവർത്തിപ്പിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(7) നടപ്പു സാമ്പത്തിക വർഷത്തിൽ സഹസ്രാബ്ദ സാഹസികയാത്ര, ജലയാത്ര, ദേശീയോദ്ഗ്രഥന ക്യാമ്പ്, വൈമാനിക സാഹസിക പരിശീലന പരിപാടികൾ എന്നിവ നടത്തുകയുണ്ടായി.

യുവജന ബോർഡ് പുതിയതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഇവയാണ്.

1. താഴേക്കിടയിലെ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം.

2. യുവജനക്ഷേമ ബോർഡിന്റെ, യുവജനക്ഷേമ പരിപാടിയെക്കുറിച്ച് യഥാസമയം വിവരം ലഭ്യമാക്കുന്നതിനായി ഇൻഫർമേഷൻ സെന്ററുകൾ.

3. തൊഴിലില്ലായ്മകളിൽ നിന്നും യുവാക്കളെ രക്ഷിക്കാൻ മറ്റു വകുപ്പുകളുമായി സഹകരിച്ച് സ്പെഷ്യൽ എംപവർമെന്റ് സ്കീം (എസ്.ഇ.എം.വൈ). കൂടാതെ സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ വർഷംതോറും കേരളോത്സവവും നടത്തി വരുന്നു.

(ബി) ദേശീയ യുവജന നയത്തിനനുസൃതമായാണ് നാം സംസ്ഥാന യുവജന നയം രൂപപ്പെടുത്തുന്നത്. യുവജന കാര്യങ്ങളെക്കുറിച്ച് പഠിച്ച റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ച എം.എൽ.എ.മാർ ഉൾപ്പെട്ട വിദ്ഗധ സമിതിയുടെ റിപ്പോർട്ട് ലഭിച്ച ശേഷം പഠിച്ചും സമഗ്രമായ ഒരു യുവജന നയം പ്രഖ്യാപിക്കുന്നതാണ്.

അസംഘടിത മേഖലയ്ക്ക് പുതിയ പെൻഷൻ പദ്ധതി

8 (*38) ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. പാലോട് രവി :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അസംഘടിത മേഖലയ്ക്ക് പ്രയോജനം ലഭിക്കത്തക്കവിധത്തിലുള്ള ഒരു പുതിയ പെൻഷൻ പദ്ധതിയ്ക്ക് കേന്ദ്ര ഗവൺമെന്റ് രൂപം നൽകി വരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം ലഭിച്ചിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച് ശ്രീ.എസ്.എ.ധാവെയുടെ നേതൃത്വത്തിലുള്ള സമിതി തയ്യാറാക്കിയ പദ്ധതി റിപ്പോർട്ടിലെ ശുപാർശകളുടെ വിശദാംശം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ഡി) വളരെയേറെ തൊഴിലാളി ക്ഷേമ പെൻഷൻ പദ്ധതികൾ നിലവിലുള്ള കേരളത്തിലെ പെൻഷൻ മേഖലയെ ഇതെങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly